"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- അനധികൃത കെട്ടിടത്തിന്റെ ക്രമവത്ക്കരണം- കോഴിക്കോട് ജില്ല -തുറയൂർ ഗ്രാമപഞ്ചായത്തിലെ തുറയൂർ എ.എൽ.പി സ്കൂൾ കെട്ടിടത്തിന് നമ്പർ അനുവദിച്ചു കിട്ടുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ബാലഗോപാലൻ എന്നവർ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.13043/2021 കേസിന്മേലുള്ള 05/10/2021ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

G.O.(Rt)No.155/2022/LSGD തീയതി,തിരുവനന്തപുരം, 20/01/2022

---

പരാമർശം:-

1. ശ്രീ ബാലഗോപാലൻ 13/08/2020ന് സർക്കാരിൽ സമർപ്പിച്ച അപേക്ഷ.
2. ബഹു.ഹൈക്കോടതിയുടെ WP(C) No.13043/2021 കേസിന്മേലുള്ള 05/10/2021ലെ വിധിന്യായം
3. 05/12/2021ലെ സി.റ്റി.പി യുടെ TCPCTP/1466/2021/E3 നമ്പർ റിപ്പോർട്ട്.
4. 09/12/2021ലെ തുറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A4/4968/21 നമ്പർ റിപ്പോർട്ട്.
5. 10/12/2021ലെ കോഴിക്കോട് ടൗൺ പ്ലാനറുടെ TCPKZD/655/2021 നമ്പർ റിപ്പോർട്ട്.
6. ചീഫ് ടൗൺ പ്ലാനർ, കോഴിക്കോട് ടൗൺ പ്ലാനർ, തുറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരുമായി 15/12/2021നും അപേക്ഷകനുമായി 15/01/2022നും സർക്കാർ നടത്തിയ ഹിയറിംഗ്.

**ഉത്തരവ്**

തുറയൂർ എ.എൽ.പി സ്കൂൾ മാനേജർ ശ്രീ. ബാലഗോപാലൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.13043/2021 കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം(2) പ്രകാരമുള്ള വിധിന്യായം പ്രകാരം പെറ്റീഷണർ സർക്കാരിൽ സമർപ്പിച്ച Exhibit.P6 നിവേദനത്തിൻമേൽ അപേക്ഷകനെ നേരിൽ കേട്ട് ,രണ്ടു മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളണമെന്ന് ഒന്നാം കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള നൂറുവർഷത്തിലധികം പഴക്കമുള്ള തുറയൂർ എ.എൽ.പി സ്കൂൾ കെട്ടിടം പഞ്ചായത്തിന്റെ അനുമതിയില്ലാതെ പണിതതു മൂലം ഉണ്ടായ ചട്ടലംഘനങ്ങൾ ക്രമവത്ക്കരിക്കാൻ കഴിയാത്തതിനാൽ ടി സ്കൂളിലെ അദ്ധ്യാപകരുടെ

ശമ്പളം മുടങ്ങിക്കിടക്കുന്നതായും, സ്കൂളിന് ഒക്യുപ്പൻസി അനുവദിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ സഹായിക്കണമെന്നും, ആയതിലേക്കായി ടിയാരുടെ അറിവില്ലായ്മകൊണ്ട് പറ്റിയ അപാകത മാപ്പാക്കി കേരള കെട്ടിട നിർമ്മാണ ചട്ടത്തിലെ 3(4)(ബി) പ്രകാരം ഇളവനുവദിക്കണമെന്നതായിരുന്നു Exhibit.P6 നിവേദനത്തിലെ ആവശ്യം.

3. പരാമർശം(2) ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(6) പ്രകാരം സർക്കാർ പെറ്റീഷണറേയും, ബന്ധപ്പെട്ട അധികാരികളേയും ഹിയറിംഗ് നടത്തുകയും, അപേക്ഷനിൽ നിന്നും വിശദാംശങ്ങളും, പരാമർശം(3),(4),(5) പ്രകാരമുള്ള റിപ്പോർട്ടുകളും ലഭ്യമാക്കി പരിശോധിക്കുകയുമുണ്ടായി. ടി റിപ്പോർട്ടുകൾ പ്രകാരം പരാമർശിത കെട്ടിടത്തിന്റെ കവറേജും സെറ്റ് ബാക്കും ഉൾപ്പെടെ ധാരാളം ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതായും, ആയതിൽ കവറേജ് ഒഴികെയുള്ള ചട്ടലംഘനങ്ങളെല്ലാം സ്കൂൾ അധികൃതർക്ക് ക്രമപ്പെടുത്താൻ കഴിയുന്നതാണെന്നും വ്യക്തമായി. എന്നാൽ, സ്കൂൾ അധികൃതർ നാളിതുവരെ ഒരു 'വാലിഡ് കംപ്ലീഷൻ പ്ലാൻ' പഞ്ചായത്തിലോ ടൗൺ പ്ലാനർക്കോ സമർപ്പിച്ചിട്ടില്ല എന്നും, ആയത് സമർപ്പിച്ചാൽ മാത്രമേ ചട്ടലംഘനങ്ങൾ ക്രമവത്ക്കരിക്കുവാനും, ഇളവനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാനും സാധിക്കുകയുള്ളൂ എന്നും ബന്ധപ്പെട്ട അധികൃതർ ബോധിപ്പിച്ചിരുന്നു. പെറ്റീഷണറെ നേരിൽ കേട്ടപ്പോൾ, സ്കൂൾ പുതുക്കിപ്പണിയാനിടയായ സാഹചര്യം ടിയാനും വിശദീകരിച്ചിട്ടുള്ളതാണ്.

4. ഈ വിഷയത്തിൽ പരാമർശം(6) പ്രകാരമുള്ള ഹിയറിംഗിന്റേയും, പരാമർശം (3),(4),(5) പ്രകാരമുള്ള റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ടി സ്കൂളിൽ പഞ്ചായത്ത് അധികാരികളും ടൗൺ പ്ലാനറും സ്ഥലം നേരിട്ട് സന്ദർശിച്ച് മനസ്സിലാക്കിയതിൽ സെറ്റ് ബാക്കും, കവറേജും ഉൾപ്പെടെ ധാരാളം ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ കവറേജ് ഒഴികെ ബാക്കിയുള്ള ചട്ടലംഘനങ്ങൾ എല്ലാം തന്നെ സ്കൂളധികാരികൾക്ക് തന്നെ ക്രമപ്പെടുത്താൻ കഴിയുന്നതാണ്. അതേസമയം നാളിതുവരെ ടിയാൻ 'വാലിഡ് കംപ്ലീഷൻ പ്ലാൻ' പഞ്ചായത്തിൽ സമർപ്പിച്ചിട്ടുമില്ല എന്നും കാണുന്നു. ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തുറയൂർ എ.എൽ.പി സ്കൂൾ കെട്ടിടം നിർമ്മിച്ചതിലുണ്ടായ ചട്ടലംഘനങ്ങൾ ക്രമീകരിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി ടി നിർമ്മാണത്തിന്റെ 'വാലിഡ് കംപ്ലീഷൻ പ്ലാൻ' അടിയന്തിരമായി പഞ്ചായത്തിൽ സമർപ്പിക്കുവാൻ പെറ്റീഷണറോട് നിർദ്ദേശിച്ചു കൊണ്ടും, അത്തരം പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് ചട്ടപ്രകാരം ടി സ്കൂൾ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാൻ തുറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും, നിർദ്ദേശിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് WP(C) No.13043/2021 പ്രകാരമുള്ള കേസിന്മേലുള്ള 05/10/2021ലെ വിധിന്യായം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Anil Kumar G
Under Secretary

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ ,കേരള,എറണാകുളം(ആമുഖ കത്ത് സഹിതം)

ശ്രീ. ബാലഗോപാലൻ,S/o കുഞ്ഞിരാമൻ നായർ

മാനേജർ, തുറയൂർ A.L.P സ്കൂൾ , പയ്യോളി, അങ്ങാടി പി.ഒ

കോഴിക്കോട്. ജില്ല, പിൻ.673523.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തുറയൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 21-01-2022 10:38:55
Reason: Approved

സെക്ഷൻ ഓഫീസർ